**727**

മറവിടമായെനിക്കേശുവുണ്ട് മറച്ചിടുമവനെന്നെ ചിറകടിയിൽ
മറന്നിടാതിവിടെന്നെ കരുതിടുവാൻ മാറാതെയവനെന്റെ അരികിലുണ്ട്

1 അനുദിനവും അനുഗമിപ്പാൻ അവൻ നല്ല മാതൃകയാകുന്നെനിക്ക്
ആനന്ദജീവിത വഴിയിലിന്ന് അനുഗ്രഹമായെന്നെ നടത്തിടുന്നു-

2 പലവിധമാം എതിരുകളെൻ പാതയിലടിക്കടി ഉയർന്നിടുമ്പോൾ
പാലിക്കും പരിചോടെ പരമനെന്നെ പതറാതെ നിൽക്കുവാൻ ബലം തരുന്നു

3 വിളിച്ച ദൈവം വിശ്വസ്തനല്ലോ വഴിയിൽ വലഞ്ഞു ഞാനലയാനിട
വരികയില്ലവനെന്നെ പിരികയില്ല വലതുകൈ പിടിച്ചെന്നെ നടത്തിടുന്നു

4 ഇതാ വേഗം ഞാൻ വാനവിരിവിൽ ഇനിയും വരുമെന്നരുളിച്ചെയ്ത
ഈ നല്ല നാഥനെ കാണുവാനായ് ഇരവും പകലുമെണ്ണി വസിച്ചിടുന്നു- **C.J.**